പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 148 — 08-06-2018-ൽ മറുപടിക്ക്

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br>**ശ്രീ. പി.ടി. തോമസ്**<br>**ശ്രീ. അടൂർ പ്രകാശ്**<br>**ശ്രീ. എ.പി. അനിൽ കുമാർ** | | **ഡോ. കെ.ടി. ജലീൽ**<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) | |
| (എ) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ അവിദഗ്ധ തൊഴിലാളികൾക്ക് നൽകുന്ന കൂലി നിരക്ക് കേന്ദ്ര സർക്കാർ പുതുക്കി നിശ്ചയിച്ചി ട്ടുണ്ടോ; വിശദമാക്കുമോ; | (എ) | പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ആദ്യം വിജ്ഞാപനം ചെയ്തത് 02-02-2006-ലാണ്. അന്നു മുതൽ 01-02-2011 വരെ പദ്ധതിയിലെ കൂലിനിരക്ക് 125/- രൂപയാ യിരുന്നു. എന്നാൽ 2011 മുതൽ ഓരോ വർഷവും കേന്ദ്ര സർക്കാർ സി.പി.ഐ-എ-ൽ (കൺസ്യൂമർ പ്രൈസ് ഇൻഡക്സ്-അഗ്രികൾച്ചറൽ ലേബർ)-ന്റെ മാനദണ്ഡം അവലംബിച്ച് കൂലി വർദ്ധിപ്പിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചുവരുന്നു. കഴിഞ്ഞ സാമ്പത്തിക വർഷം 258/- രൂപയായിരുന്ന കൂലി നിരക്ക് 01-04-2018 മുതൽ 271/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (ബി) | പദ്ധതിയിൽ നേരിട്ടുള്ള കാർഷിക പ്രവൃത്തികൾക്ക് എന്തെങ്കിലും വിലക്കുണ്ടോ; നിലവിൽ ഏതൊക്കെ മേഖലകളിലാണ് ഈ തൊഴിലാളി കളുടെ സേവനം ഉപയോഗപ്പെടുത്തു ന്നത്; | (ബി) | നേരിട്ടുള്ള കാർഷിക പ്രവർത്തനങ്ങൾ (ഞാറു നടീൽ, കൊയ്ത്ത്, കളപറിക്കൽ മുതലായവ) തൊഴിലുറപ്പ് പദ്ധതിയിൽ അനുവദനീയമല്ല. നിലവിൽ തൊഴിലുറപ്പ് പദ്ധതി പ്രകാരം ജില്ലാതല ത്തിൽ ഏറ്റെടുത്ത് നടപ്പിലാക്കുന്ന പ്രവൃത്തികളിൽ 60 ശതമാനവും കാർഷിക അനുബന്ധ മേഖലയ്ക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവൃത്തികളായിരി ക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പൊതു സ്ഥലങ്ങളിലും പട്ടികജാതി/പട്ടികവർഗ്ഗ/ ബിപി.എൽ എന്നിങ്ങനെ ദുർബല വിഭാഗത്തിൽ പെട്ട (മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന്റെ രണ്ടാം പട്ടിക ഖണ്ഡിക 5-ൽ പരാമർശിച്ചിട്ടുള്ള) കുടുംബങ്ങളുടെ ഉടമസ്ഥത യിലുള്ള ഭൂമിയിലും ഒറ്റത്തവണ ഭൂവികസന പ്രവൃത്തികൾ |

| | | | |
|---|---|---|---|
| | | | ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്. പ്രകൃതിവിഭവ പരിപാലനവുമായി ബന്ധ പ്പെട്ടുള്ള പ്രവൃത്തികൾ സമൂഹത്തിൽ അവശതയ നുഭവിക്കുന്ന വിഭാഗങ്ങൾക്കുവേണ്ടിയുള്ള വ്യക്തിഗത ആസ്ഥികളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ, എൻ.ആർ.എൽ.എം-ന്റെ നിബന്ധനകൾക്ക് വിധേയമായി പ്രവർത്തിക്കുന്ന സ്വയം സഹായ സംഘങ്ങൾക്ക് പൊതു അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക, ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ നിർമ്മിക്കുവാനുള്ള പ്രവൃത്തികൾ മുതലായവയ്ക്കാണ് തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികളുടെ സേവനം ഉപയോ ഗിക്കുന്നത്. |
| (സി) | അംഗനവാടി കെട്ടിടം, ഗാർഹിക ശൗചാലയം എന്നിവ നിർമ്മിക്കു ന്നതിന് ഈ തൊഴിലാളികളുടെ സേവനം ഉപയോഗപ്പെടുത്തു ന്നുണ്ടോ; | (സി) | ഉപയോഗപ്പെടുത്തുന്നുണ്ട്. |
| (ഡി) | 2017 ൽ ശരാശരി എത്ര തൊഴിൽ ദിനങ്ങൾ നൽകുവാൻ കഴിഞ്ഞു; വേതനം നൽകുന്നതിനുള്ള തുക കേന്ദ്ര സർക്കാരിൽ നിന്നും കൃത്യ മായി ലഭിക്കുന്നുണ്ടോ; വിശദാംശ ങ്ങൾ നൽകാമോ? | (ഡി) | 2017-18 സാമ്പത്തിക വർഷം ഒരു കുടുംബത്തിന് ശരാശരി 47.24 തൊഴിൽദിനങ്ങൾ ലഭ്യമാക്കിയി ട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം അവിദഗ്ധ കായിക വേതനയിനത്തിൽ 1637.15 കോടി രൂപയുടെ തൊഴിൽ ദിനങ്ങളാണ് സൃഷ്ടിച്ചത്. ടി സാമ്പത്തിക വർഷത്തിൽ അവിദഗ്ധ കായിക വേതനയിനത്തിൽ 1652.04 കോടി രൂപ അനുവദി ച്ചെങ്കിലും ടി തുകയിൽ 759.43 കോടി രൂപ 16-17 സാമ്പത്തിക വർഷത്തിലെ അവിദഗ്ധ കായിക വേതനകുടിശ്ശിക തീർക്കുന്നതിലേയ്ക്കായിട്ടാണ് കണക്കാക്കിയിരിക്കുന്നത്. 2017-18 സാമ്പത്തിക വർഷം ടി ഇനത്തിൽ ലഭ്യമാക്കേണ്ടിയിരുന്ന 744.54 കോടി രൂപയുൾപ്പെടെ 893.21 കോടി രൂപ 2018-19 സാമ്പത്തിക വർഷം അവിദഗ്ധ കായിക വേതനയിനത്തിൽ കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ